എസ്റ്റേറ്റ് നടത്താൻ നിവർത്തിയില്ലെന്നുപറഞ്ഞ് മാനേജുമെന്റ് 30 തൊഴിലാളികളെ റിട്രെഞ്ച് ചെയ്തതായി കേസ്സുണ്ടായി. ജില്ലാ ലേബർ ഓഫീസർ ഏറ്റവുമൊടുവിൽ 14-8-1985-ൽ ആണ് കോൺഫറൻസ് നടത്തിയത്. അന്ന് വീക്കിലിപേമെന്റ് കൊടുക്കാമെന്ന് മാനേജുമെന്റ് സമ്മതിച്ചിരുന്നു. പക്ഷേ തൊഴിലാളികളം വാങ്ങിക്കാൻ കൂട്ടാക്കിയില്ല. അതുകൊണ്ടാണ് ഇപ്പോഴും പ്രശ്നമുണ്ടായിരിക്കുന്നത്. ട്രിവാൻഡ്രത്ത് കമ്മീഷണർ ലെവലിൽ ഒരു കോൺഫറൻസ് വിളിച്ച് അടിയന്തിരമായി പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് സത്വരനടപടി സ്വീകരിക്കുന്നതാണ്. നെല്ലിയാംപതിയിലുള്ള മറെറാരു പ്ലാന്റേഷനാണ് ജെമിനി പ്ലാന്റേഷൻ. പെരിയചോല എന്ന എസ്റ്റേറ്റിൽ വാരക്കാശും ശമ്പളവും ലഭിച്ചില്ലെന്ന് ഐ.എൻ.ടി.യു.സി. യിൽനിന്നും ഒരു പരാതി 4-9-1985-ൽ കമ്മീഷണർക്ക് ലഭിച്ചിട്ടുണ്ട്. ലേബർ ഓഫീസർ കോൺഫറൻസ് നടത്തി പരിഹാരമുണ്ടാകുന്നില്ലെങ്കിൽ ഉന്നതതലത്തിൽ കോൺഫറൻസ് വിളിച്ചുകൂട്ടി പ്രശ്നപരിഹാരം ഉണ്ടാക്കുന്നതാണ്. റോഡിന്റെ ഗതാഗതതടസ്സത്തെ സംബന്ധിച്ചിടത്തോളം നെല്ലിയാംപതിയിലെ റോഡ് ജൂൺ മാസത്തെ മഴക്കാലത്ത് മണ്ണിടിഞ്ഞതുകാരണം ഏഴുദിവസ്സം ഗതാഗതത്തിന് തടസ്സമുണ്ടായി. ഗതാഗതതടസ്സം ഉടനടി പരിഹരിച്ച് റോഡ് പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള നടപടി ത്വരിതഗതിയിൽ നടന്നുവരികയാണ്. ഇപ്പോഴും അവിടെ ഗതാഗതതടസ്സമൊന്നുമില്ല. വലിയ കുഴി ഉണ്ടായിട്ടുള്ളത് നികത്തിയിട്ടുണ്ട്.

ശ്രീ. സി. വാസുദേവമേനോൻ: ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം മന്ത്രിതന്നെ നേരിട്ട് പാലക്കാട് ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: അങ്ങനെ ചെയ്യാം.

(2) തിരുവല്ലയിലെ ഗീതാ ഫ്ളവർമില്ലിൽ നിന്നുള്ള മലിനജലം സൃഷ്ടിക്കുന്ന മലിനീകരണം

ശ്രീ. പി. സി. തോമസ് (തിരുവല്ല): സർ എന്റെ നിയോജകമണ്ഡലമായ തിരുവല്ലയിൽ തിരുമൂലപുരത്ത് പ്രവർത്തിക്കുന്ന ഗീതാ ഫ്ളവർമിൽസിൽ പൊടിക്കുന്ന ഗോതമ്പ് കഴുകി വിടുന്ന മലിനജലം സൃഷ്ടിക്കുന്ന മലിനീകരണംമൂലം പൊതുജനങ്ങളുടെ ആരോഗ്യത്തിന് നേരിട്ടുകൊണ്ടിരിക്കുന്ന വലിയ വിപത്തിനെപ്പറ്റി ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡലം വ്യവസായത്തിന് വളരെ പിന്നോക്കമാണ്. അവിടെ പ്രവർത്തിക്കുന്ന ചുരുക്കം വ്യവസായങ്ങൾ ഒന്നുംതന്നെ നിന്നുപോകരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. എന്നാൽ അവയൊന്നുംതന്നെ ജനങ്ങളുടെ സൈരജീവിതത്തിനും ആരോഗ്യത്തിനും വെല്ലുവിളിയായിത്തീരരുതെന്നും ആഗ്രഹമുണ്ട്. ഗീതാഫ്ളവർമില്ല് ലാഭകരമായി പ്രവർത്തിക്കുന്ന ഒരുസ്ഥാപനമാണ്. 1972ൽ ആണ് ഫാക്ടറി സ്ഥാപിതമായത്. പ്രതിദിനം മൂന്ന് ഷിഫ്റ്റിലായി 120 ടൺ ഗോതമ്പ് പൊടിക്കുന്നുണ്ട്. നൂറുപേർക്ക് ഈ ഫാക്ടറി തൊഴിൽസൗകര്യംനൽകുന്നുണ്ട്. എന്നാൽ ഈ ഫാക്ടറിയുടെ ചുറും താമസിക്കുന്ന ജനങ്ങളുടെ ആരോഗ്യത്തിന് വലിയ പ്രശ്നം സൃഷ്ടിക്കുന്നു. ഈ ഫാക്ടറിയിൽ പൊടിക്കുന്ന ഗോതമ്പ് ആദ്യം കഴുകി ശുദ്ധീ

LIBRARY ARCHIVES Kerala Legislative Assembly

കരിക്കേണ്ടതുണ്ട്. ഇങ്ങനെ ഗോതമ്പ് കഴുകി വിടുന്ന ജലത്തിൽ ഗോതമ്പിന്റെ അവശിഷ്ടങ്ങളും മറ്റു ജൈവവസ്തുക്കളും ധാരാളം ഉണ്ടായിരിക്കും. ഈ മലിനജലം ഒരു ചെറിയ ചാണൽവഴി അടുത്തുള്ള മണിമലയാറ്റിലേയ്ക്ക് ഒഴുക്കി വിടുകയായിരുന്നു പതിവ്. തൻമൂലം ആറിലെ ജീവികൾക്ക് അപകടംവരുത്തുന്നതിനുപുറമെ വെള്ളം കുടിക്കാനും കുളിക്കാനും മാത്രമല്ല ഈ നദിയിലെ വെള്ളം എടുത്തു നിത്യവൃത്തി നടത്തുന്ന തുണി അലക്കുതൊഴിലാളികൾ, മൽസ്യ തൊഴിലാളികൾ, മണൽതൊഴിലാളികൾ മുതലായവരെയും ഇത് ദോഷകരമായി ബാധിച്ചിട്ടുണ്ട്. എന്നാൽ ഈ അടുത്തകാലത്ത് ഈ കനാൽ നികന്നു പോയതിനാൽ മലിനജലം കെട്ടിക്കിടക്കുകയാണ്. ഈ കെട്ടിക്കിടക്കുന്ന മലിനജലത്തിൽ അടങ്ങിയിരിക്കുന്ന ജൈവവസ്തുക്കളും ഗോതമ്പ് പൊടിയും മറ്റു ജൈവവസ്തുക്കളും വളരെയധികം അണുക്കളെ സൃഷ്ടിക്കുന്നു. തൻമൂലം അവിടെ സമൃദ്ധിയായി പലതരം രോഗാണുക്കൾ വളരുന്നു. ആ പ്രദേശമാകെ പുഴുക്കളെകൊണ്ട് നിറഞ്ഞിരിക്കുകയാണ്. കൂടാതെ ഗോതമ്പിന്റേയും മറ്റും അവശിഷ്ടങ്ങൾ ചീഞ്ഞളിഞ്ഞ് കിടക്കുന്നത് കൊണ്ട് വമിക്കുന്ന ദുർഗന്ധം ആർക്കും സഹിക്കാൻ പറ്റാത്തവിധം അത്ര രൂക്ഷമാണ്. അന്തരീക്ഷം മുഴുവനും അത്രമാത്രം ദുർഗന്ധപൂരിതമാണ്. ആ പ്രദേശത്തെ വായുമുഴുവനും മലീമസമാണ്. ഇത് സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നം ഭീമമാണ്. ഇത് കണ്ടില്ലെന്ന് നടിക്കാൻ ആർക്കും സാദ്ധ്യമല്ല. ഫാക്ടറിയുടെ തൊട്ടടുത്ത് നാലു വിദ്യാലയങ്ങൾ സ്ഥിതിചെയ്യുന്നു. തിരുമൂലപുരം ബാലികാമഠം എന്ന ബോർഡിങ്ങ് സ്കൂൾ ഉണ്ട്. ബോർഡിങ്ങിൽ താമസിക്കുന്ന കുട്ടികൾക്കും അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും എം. സി. റോഡിൽകൂടി യാത്രചെയ്യുന്നവർക്കും ഫാക്ടറിക്ക് ചുറ്റുപാടും താമസിക്കുന്നവർക്കും മറ്റും ഈ ദുർഗന്ധം അസഹനീയമായിരിക്കുന്നുവെന്ന് മാത്രമല്ല അവരുടെ ആരോഗ്യത്തിന് ഭീഷണിയായിത്തീർന്നിരിക്കുകയാണ്. ഈ സ്ഥിതിവിശേഷം തുടർന്നാൽ ഫാക്ടറിയ്ക്ക് ചുറ്റുപാടും താമസിക്കുന്നവർക്ക് ശുദ്ധപ്രാണവായു ശ്വസിക്കുന്നതിനുള്ള മൗലികാവകാശം തടയുകയാവും ഫലം. ഇത് ക്രിമിനൽ കുറ്റമാണ്. ഒരു നിമിഷംപോലും വെച്ചുപൊറുപ്പിക്കാൻ സാധ്യമല്ല. ഇതെപ്പറ്റി ഒരു നിവേദനം ഗവർമ്മെന്റിന് സമർപ്പിച്ചിരുന്നു. ഹെൽത്ത് സെക്രട്ടറിയുടെ സാധാരണഗതിയിലുള്ള ഒരു മറുപടി മാത്രമാണ് കിട്ടിയിട്ടുള്ളതെങ്കിലും എന്ന് ഖേദപൂർവ്വം പ്രസ്താവിക്കട്ടെ. ഈ ഫാക്ടറി ഇവിടെ തുടർന്ന് പ്രവർത്തിക്കണമെന്ന് തന്നെയാണ് ഞങ്ങളുടെ ആഗ്രഹം. എന്നാൽ മലിനജലംശുദ്ധീകരിക്കുന്നതിനും ജനങ്ങളുടെ ആരോഗ്യത്തിന് പ്രശ്നമാകാത്തവിധത്തിൽ മാറ്റുചെയ്യുന്നതിനുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. ജലം ശുദ്ധീകരിക്കുന്നതിനുള്ള പദ്ധതി ഉടൻതന്നെ മാനേജുമെന്റിനെകൊണ്ട് സ്വീകരിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1976-ലാണ് ഗീതാ ഫ്ളവർമിൽ ആരംഭിച്ചത്. ആട്ട, മൈദ, സൂചി തുടങ്ങിയ സാധനങ്ങളാണ് അവിടെ ഉൽപാദിപ്പിക്കുന്നത്. 15,000 ലിറ്റർ വെള്ളം അവിടെ ഉപയോഗിക്കുന്നുണ്ട്. ആ ഫാക്ടറിയെ സംബന്ധിച്ചിടത്തോളം 1979-ൽ ജലമലിനീകരണ നിയന്ത്രണ ബോർഡ് അവർക്ക് സാംഗ്ഷൻ നൽകി. ആ സാംഗ്ഷൻ നൽകിയത് ഒരു നിശ്ചിത അളവിൽ മാത്രമേ മലിനീകരണമുണ്ടാകാൻ പാടുള്ളൂ, അതായത് മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമല്ലാത്ത നിലയിൽ—എന്ന വ്യവസ്ഥ അനുസരിച്ചായിരുന്നു. അത് അനുസരിച്ച് പ്രവർത്തിച്ചുവന്നു. 1985-ൽ വീണ്ടും അതിന്റെ ലൈസൻസ് പുതുക്കി.

LIBRARY ARCHIVES Kerala Legislative Assembly

ആ ലൈസൻസ് പുതുക്കിയ അവസരത്തിൽ തന്നെ മലിനീകരണമുണ്ടെന്നുള്ള പരാതി കിട്ടി, അതിനെകുറിച്ചു. അന്വേഷിച്ച് പരിശോധനയിൽനിന്ന്, ബോർഡ് നിർദ്ദേശിച്ചതിനേക്കാൾ കൂടുതൽ മലിനീകരണമുണ്ടെന്ന് മനസ്സിലായിരിക്കുകയാണ്. അതുസംബന്ധിച്ച് കമ്പനിക്ക് നോട്ടീസ് കെടുത്തിരിക്കുകയാണ്. ആവശ്യമായ നടപടി സ്വീകരിക്കാൻ പറഞ്ഞിട്ടുണ്ട്. ഏതായാലും ശരി ജലമലിനീകരണ നിയന്ത്രണബോർഡ് ഇക്കാര്യത്തിൽ സത്വരമായ നടപടി സ്വീകരിക്കുന്നുണ്ട്. തീർച്ചയായും ആ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തിന് ദോഷം തട്ടാൻ അനുവദിക്കാത്ത നിലയിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

IV. സബ്മിഷൻ

(1) വിഷവാതക ചോർച്ചമൂലം ഏലൂരിലും പരിസരപ്രദേശങ്ങളിലുമുണ്ടായിട്ടുള്ള ഗുരുതരാവസ്ഥ

ശ്രീ. കെ. മുഹമ്മദാലി: സർ, കേരളത്തിലെ വ്യവസായമേഖലയിലെ ഏലൂർപ്രദേശത്തേയും പരിസരങ്ങളിലെയും ജനങ്ങളെ യഥാർത്ഥത്തിൽ, അക്ഷരാർത്ഥത്തിൽതന്നെ നടുക്കിയ സംഭവവികാസമാണ് കഴിഞ്ഞ വെള്ളിയാഴ്ച നടന്ന വിഷവാതകചോർച്ച. ഏകദേശം ഇരുനൂറ്റി അൻപതോളം പിഞ്ചുകുട്ടികളും ഉൾപ്പെടെയുള്ള ആളുകളെ വിവിധ ആശുപത്രികളിലായി പ്രവേശിപ്പിച്ചിരിക്കുകയായിരുന്നു. എച്ച്. ഐ. എൽ. വ്യവസായസ്ഥാപനത്തിൽ കീടനാശിനി ഉണ്ടാക്കാൻ വേണ്ടി പുറത്തുനിന്നും ഇറക്കുമതി ചെയ്തുകൊണ്ടുവന്ന എച്ച്. സി. സി. പി. എന്നുപറയുന്ന മാരകമായ വിഷദ്രാവകം കൊണ്ടുവന്ന ലോറിയിൽനിന്നുണ്ടായ വീപ്പ ചോർന്നാണ് ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടായത്. വഴിയ്ക്കുവെച്ച് ചോർച്ച ഉണ്ടായിട്ടും അത് നിർവീര്യമാക്കുവാനുള്ള നടപടി സ്വീകരിക്കാതെ വീണ്ടും ഫാക്ടറിയിലേക്ക് അത് കൊണ്ടുപോകാൻ ശ്രമിച്ചതാണ് ഗുരുതരമായ ഈ സ്ഥിതി ഉണ്ടാകാൻ കാരണം. ഫാക്ടറിയിൽ കൊണ്ടുവന്നിട്ട് തന്നെ ഒന്നരമണിക്കൂറോളം ഫാക്ടറി ഗേറ്റിനു പുറത്ത് നിരുത്തരവാദപരമായ നിലയിൽ ലോറി പാർക്ക് ചെയ്തത് വളരെ ഗുരുതരമായ സ്ഥിതിയാണ് അവിടെ ഉണ്ടാക്കിയത്. മാനേജ്മെൻറ് അത് നീർവ്വീര്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാതെ, കമ്പനിക്ക് അകത്ത് കയറ്റിവിടാതെ റോഡിൽ പാർക്ക് ചെയ്ത സാഹചര്യത്തെകുറിച്ച് ഗൗരവമായി അന്വേഷിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംഭവമറിഞ്ഞ് അടിയന്തിരമായി അവിടെ ഓടിയെത്തുകയും ഭീതിപൂണ്ടുനിന്ന ജനങ്ങൾക്ക് ആശ്വാസം പകർന്നുകൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തതിൽ അവിടെയുള്ള ആളുകൾ അങ്ങേയറ്റം കൃതജ്ഞരാണ്. എങ്കിൽതന്നെയും ഏലൂർ മേഖല ഭോപ്പാലായി മാറുമോയെന്ന് ജനങ്ങൾ സംശയിക്കുകയാണ്. അവിടെയുള്ള തൊഴിലാളികളും ജനങ്ങളും ഭീതിയുടെ നിഴലിലാണ്. വ്യവസായസ്ഥാപനത്തിൽ വിഷദ്രാവകവും വിഷവാതകങ്ങളും കൈകാര്യം ചെയ്യുന്ന കാര്യത്തിൽ അങ്ങേയറ്റം നിരുത്തരവാദപരമായി, ലാഘവത്തോടുകൂടിയുള്ള ഒരു സമീപനമാണ് വ്യവസായ മാനേജ്മെൻറുകളുടെ ഭാഗത്തുനിന്നും ഉണ്ടായികൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പല പ്ലാൻറുകളും സന്ദർശിക്കുകയുണ്ടായി. അവിടെ തൊഴിലാളികൾക്ക് വേണ്ടസേഫ്റ്റിമെഷേഴ്സും മറ്റും ശരിയായ

LIBRARY ARCHIVES Kerala Legislative Assembly